**15 –ാം കേരള നിയമസഭ**

**13 –ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1333** **12-02-2025 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തേക്ക് ആഭ്യന്തര വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ആഭ്യന്തര - വിദേശ വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്ന വിധം നൂതനവും കാലികവുമായ നിരവധി ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ടൂറിസം വകുപ്പ് പുതുതായി തുടങ്ങിയ കാരവൻ ടൂറിസം തന്നെ ഇതിന് നല്ലൊരു ഉദാഹരണമാണ്. നൂതനമായ ടൂറിസം ഉൽപ്പന്നമെന്ന നിലയിൽ കൂടുതൽ സഞ്ചാരികളെ പ്രത്യേകിച്ചും വിദേശികളെ കൂടുതലായി ആകർഷിക്കാൻ കാരവൻ ടൂറിസത്തിന് സാധിച്ചിട്ടുണ്ട്. ഹെലി ടൂറിസം, ക്രൂയിസ് ടൂറിസം, സിനി ടൂറിസം, ഡെസ്റ്റിനേഷൻ ചലഞ്ച്, വാട്ടർ സ്പോർട്ട് ആക്ടിവിറ്റികൾ, പൈതൃക ടൂറിസം പദ്ധതികൾ, ഗ്ലാസ്സ് ബ്രിഡ്ജ് ഉൾപ്പെടെയുള്ള അഡ്വഞ്ചർ ടൂറിസം പദ്ധതികൾ സഞ്ചാരികളെ ആകർഷിക്കുന്നുണ്ട്. ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി സ്ട്രീറ്റ്, മാതൃകാ ഉത്തരവാദിത്ത ടൂറിസ ഗ്രാമം, സ്ത്രീ സൗഹാർദ്ദ ടൂറിസം, അഗ്രി ടൂറിസം നെറ്റ് വർക്ക് തുടങ്ങിയ പദ്ധതികൾ നടപ്പാക്കി വരുന്നു. സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ച് ഉള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ നവീകരിച്ച മൊബൈൽ ആപ്പും ടൂറിസം വകുപ്പ് പുറത്തിറക്കിയിട്ടുണ്ട്. ഇത് കൂടാതെ സോഷ്യൽ മീഡിയയുടെ പ്രയോജനം സംസ്ഥാനത്തെ ടൂറിസം വികസനത്തിന് ഉപയോഗിക്കുന്നതിനാവശ്യമായ നിരവധി നൂതനമായ പദ്ധതികൾക്കും ടൂറിസം വകുപ്പ് രൂപം നൽകി നടപ്പാക്കിവരുന്നു.<br><br>പാരാഗ്ലൈഡിംഗ്, സർഫിംഗ്, മൗണ്ടെൻ സൈക്ലിംഗ്, വൈറ്റ് വാട്ടർ കയാക്കിംഗ് തുടങ്ങിയ സാഹസിക വിനോദങ്ങളിൽ വിവിധ മത്സരങ്ങൾ നടത്തുകയും കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. മലബാർ റിവർ ഫെസ്റ്റ്, വാഗമൺ പാരാഗ്ലൈഡിംഗ് ഫെസ്റ്റ്, വർക്കല സർഫിംഗ് ഫെസ്റ്റ്, മാനന്തവാടി പ്രിയദർശിനി എസ്റ്റേറ്റിലെ MTB തുടങ്ങിയ മത്സരങ്ങൾ ആഭ്യന്തര-വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നുണ്ട്.<br><br>സാഹസിക ജല കായിക മത്സരങ്ങളുടെ ഭൂപടത്തിൽ കേരളത്തിന് ഇടം നേടിക്കൊടുത്ത ബേപ്പൂർ ഇന്റർനാഷണൽ വാട്ടർഫെസ്റ്റ് മൂന്ന് വർഷങ്ങളായി നടത്തിവരുന്നു. ആഗോള ടൂറിസം രംഗത്ത് ബേപ്പൂർ ഫെസ്റ്റ് ഇതിനകം ജനപ്രീതി നേടിക്കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൂടുതൽ വിദേശസഞ്ചാരികൾ വരും വർഷങ്ങളിൽ കേരളത്തിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>ഓണാഘോഷം, നിശാഗന്ധി ഡാൻസ് ഫെസ്റ്റിവൽ, ഉത്സവം, ചാമ്പ്യൻസ് ബോട്ട് ലീഗ്, ക്രിസ്തുമസ് - പുതുവർഷത്തിന്റെ ഭാഗമായി ലൈറ്റിംഗ് ഫെസ്റ്റിവൽ, തുടങ്ങിയ പരിപാടികളിലൂടെ പ്രകൃതി സൗന്ദര്യത്തോടൊപ്പം സംസ്ഥാനത്തിന്റെ സംസ്കാരവും വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. |

സംസ്ഥാനത്ത് എത്തുന്ന വിനോദസഞ്ചാരികൾക്ക് തനത് ഭക്ഷണരീതികളുടെ വൈവിധ്യവും ഗുണമേന്മയും അനുഭവവേദ്യമാക്കുന്നതിന് സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ കെ.ടി.ഡി.സി. മുതലായ വഴി നടത്തുന്ന ഭക്ഷ്യമേളകൾ ഇതിന് ഉദാഹരണമാണ്. ഹോംസ്റ്റേകൾക്കും സർവ്വീസ്ഡ് വില്ലകൾക്കും അംഗീകാരം നൽകുമ്പോൾ തന്നെ തനത് ഭക്ഷ്യവിഭവങ്ങൾ സഞ്ചാരികൾക്ക് നൽകണം എന്ന് നിഷ്കർഷിക്കാറുണ്ട്.

സംസ്ഥാനത്തെ തനത് ഭക്ഷ്യവൈവിധ്യം അന്താരാഷ്ട്രതലത്തിൽ പരിചയപ്പെടുത്താനായി ടൂറിസം വകുപ്പ് ഇന്റർനാഷണൽ ക്വിസീൻ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ആർ.റ്റി. മിഷന്റെ ആഭിമുഖ്യത്തിലും കേരളത്തിന്റെ രുചി വൈവിധ്യം സഞ്ചാരികളെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ നമ്മുടെ നാടിന്റെ തനത് രുചി വൈവിധ്യങ്ങളെ പരിചയപ്പെടുത്തുന്ന ബ്രോഷറുകൾ പുറത്തിറക്കിയിട്ടുണ്ട്.

മിഡിൽ ഈസ്റ്റിൽ നിന്നുള്ള സഞ്ചാരികളെ ആകർഷിക്കുന്നതിനായി എയർപോർട്ട്, ടെലിവിഷൻ ഡിജിറ്റൽ വെബ് പോർട്ടൽ തുടങ്ങിയ മാധ്യമങ്ങളിലൂടെയും പ്രചരണം നടത്തിവരുന്നു.

വിദേശ ആഭ്യന്തര വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുവേണ്ടി ഓൺലൈൻ നവമാധ്യമങ്ങളായ ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, ടിറ്റർ, യൂട്യൂബ്, ഗൂഗിൾ ആഡ്സ്, ഗൂഗിൾ ആർ.സി.എസ്. തുടങ്ങിയവയിലൂടെയും വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ വില്ലേജ് ലൈഫ്, കൾച്ചർ ടൂറിസം, എത്തിക് ക്വിസീൻ, ഫാം ടൂറിസം എന്നിവ അനുഭവവേദ്യ ടൂറിസത്തിന്റെ ഭാഗമായി നടപ്പാക്കി വരുന്നു. വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകളുടെ ഭാഗമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പരമ്പരാഗത തൊഴിലുകളെ ടൂറിസം പ്രവർത്തനങ്ങളായി മാറ്റിക്കൊണ്ട് വിനോദസഞ്ചാരികളെ ആകർഷിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. വീടുകളിൽ എത്തി ഭക്ഷണം ആസ്വദിച്ചുകൊണ്ട് കുക്കിംഗ് എക്സ്പീരിയൻസിന്റെ ഭാഗമായി ഭക്ഷണം ആസ്വദിക്കാൻ കഴിയുന്ന പ്രവർത്തനം എക്സ്പീരിയൻസ് എത്തിക് ക്വിസീൻ എന്ന പേരിൽ നടപ്പാക്കി വരുന്നു. ഹോംസ്റ്റേ യൂണിറ്റുകൾ ഒരു നൂതനാനുഭവമെന്ന നിലയിൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന പ്രവർത്തനമാണ്. ഫാം ടൂറിസത്തെ വിപുലപ്പെടുത്തുന്നതിനും ഫാം ടൂറിസം പ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കുന്നതിനും, പ്രസ്തുത പ്രവർത്തനങ്ങളിലേക്ക് കൂടുതൽ ആളുകളെ പങ്കാളികളാക്കുന്നതിനുമായി കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ 'കേരള അഗ്രി ടൂറിസം നെറ്റ് വർക്ക്' എന്ന പദ്ധതി 2021 സെപ്റ്റംബർ മാസം ലോഞ്ച് ചെയ്തിട്ടുണ്ട്.

വിദേശസഞ്ചാരികളെ ലക്ഷ്യമിട്ട് വിനോദസഞ്ചാരവകുപ്പ് വിവിധ അന്താരാഷ്ട്ര ടൂറിസം വിപണനമേളകളിൽ പങ്കെടുത്ത് വരുന്നു. ഇതിന്റെ ഭാഗമായി ഈ വർഷം നവംബറിൽ നടന്ന വേൾഡ് ട്രാവൽ മാർക്കറ്റ് ലണ്ടൻ, ഫിത്തൂർ, മാഡ്രിഡ്, സ്പെയിൻ എന്നീ ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുകയും, ഫ്രാങ്ക്ഫർട്ട്, മ്യൂനിക്, ബാർസെലോണ, മിലാൻ സിഡ്നി, മെൽബൺ, കോലാലംപൂർ തുടങ്ങിയ പ്രധാന നഗരങ്ങളിൽ B2B Meet-കൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷംതന്നെ ITB Berlin, MITT Moscow, എന്നീ ട്രേഡ് ഫെയറുകളിലും പങ്കെടുക്കുന്നതിനും ലണ്ടൻ, പാരീസ്, മോസ്കോ, സെൻറ് പീറ്റേഴ്സ് ബർഗ് എന്നീ നഗരങ്ങളിൽ ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അന്താരാഷ്ട്ര മേളകളിൽ കേരള ടൂറിസത്തിന്റെ സാന്നിദ്ധ്യം നിലനിർത്തുന്നതിനും കൂടുതൽ സഞ്ചാരികളെ

| | | | |
|---|---|---|---|
| | | | ആകർഷിക്കുന്നതിനുമായാണ് ഇത്തരം മേളകളിൽ വകുപ്പ് പങ്കെടുത്ത് വരുന്നത്. 2024-ലെ വേൾഡ് ട്രാവൽ മാർക്കറ്റിൽ (WTM) വകുപ്പിനെ പ്രതിനിധീകരിച്ച് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ പങ്കെടുക്കുകയും, വിദേശ രാജ്യങ്ങളിലെ പ്രധാനപ്പെട്ട ടൂർ ഓപ്പറേറ്റേഴ്സിന്റെ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി കേരളത്തിലെ വിവിധ ടൂറിസം ഉത്പ്പന്നങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ OOH (Out Of Home) പ്രചാരണത്തിന്റെ ഭാഗമായി ലണ്ടൻ ഹിത്രു എയർപോർട്ട്, വെസ്റ്റ് ഫീൽഡ് മാൾ (Westfield Mall) തുടങ്ങിയ സ്ഥലങ്ങളിൽ പരസ്യ പ്രചാരണം നടത്തുകയുണ്ടായി. കേരളത്തിലേക്ക് വിദേശസഞ്ചാരികളെ ആകർഷിക്കുന്നതിന് ഇത്തരത്തിലുള്ള വിവിധങ്ങളായ പ്രചാരണ പരിപാടികളിലൂടെ സാധിച്ചിട്ടുണ്ട്. |
| (ബി) | വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി ലണ്ടൻ വേൾഡ് ട്രാവൽ മാർക്കറ്റിലെ പങ്കാളിത്തം ഗുണകരമാകുമോ; വിശദീകരിക്കുമോ; | (ബി) | ആഭ്യന്തര - വിദേശ വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്ന വിധം നൂതനവും കാലികവുമായ നിരവധി ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ടൂറിസം വകുപ്പ് പുതുതായി തുടങ്ങിയ കാരവൻ ടൂറിസം തന്നെ ഇതിന് നല്ലൊരു ഉദാഹരണമാണ്. നൂതനമായ ടൂറിസം ഉൽപ്പന്നമെന്ന നിലയിൽ കൂടുതൽ സഞ്ചാരികളെ പ്രത്യേകിച്ചും വിദേശികളെ കൂടുതലായി ആകർഷിക്കാൻ കാരവൻ ടൂറിസത്തിന് സാധിച്ചിട്ടുണ്ട്. ഹെലി ടൂറിസം, ക്രൂയിസ് ടൂറിസം, സിനി ടൂറിസം, ഡെസ്റ്റിനേഷൻ ചലഞ്ച്, വാട്ടർ സ്പോർട്ട് ആക്ടിവിറ്റികൾ, പൈതൃക ടൂറിസം പദ്ധതികൾ, ഗ്ലാസ്സ് ബ്രിഡ്ജ് ഉൾപ്പെടെയുള്ള അഡ്വെഞ്ചർ ടൂറിസം പദ്ധതികൾ സഞ്ചാരികളെ ആകർഷിക്കുന്നുണ്ട്. ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി സ്ട്രീറ്റ്, മാതൃകാ ഉത്തരവാദിത്ത ടൂറിസ ഗ്രാമം, സ്ത്രീ സൗഹാർദ്ദ ടൂറിസം, അഗ്രി ടൂറിസം നെറ്റ് വർക്ക് തുടങ്ങിയ പദ്ധതികൾ നടപ്പാക്കി വരുന്നു. സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ച് ഉള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ നവീകരിച്ച മൊബൈൽ ആപ്പും ടൂറിസം വകുപ്പ് പുറത്തിറക്കിയിട്ടുണ്ട്. ഇത് കൂടാതെ സോഷ്യൽ മീഡിയയുടെ പ്രയോജനം സംസ്ഥാനത്തെ ടൂറിസം വികസനത്തിന് ഉപയോഗിക്കുന്നതിനാവശ്യമായ നിരവധി നൂതനമായ പദ്ധതികൾക്കും ടൂറിസം വകുപ്പ് രൂപം നൽകി നടപ്പാക്കിവരുന്നു.<br><br>പാരാഗ്ലൈഡിംഗ്, സർഫിംഗ്, മൗണ്ടെൻ സൈക്ലിംഗ്, വൈറ്റ് വാട്ടർ കയാക്കിംഗ് തുടങ്ങിയ സാഹസിക വിനോദങ്ങളിൽ വിവിധ മത്സരങ്ങൾ നടത്തുകയും കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. മലബാർ റിവർ ഫെസ്റ്റ്, വാഗമൺ പാരാഗ്ലൈഡിംഗ് ഫെസ്റ്റ്, വർക്കല സർഫിംഗ് ഫെസ്റ്റ്, മാനന്തവാടി പ്രിയദർശിനി എസ്റ്റേറ്റിലെ MTB തുടങ്ങിയ മത്സരങ്ങൾ ആഭ്യന്തര-വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നുണ്ട്.<br><br>സാഹസിക ജല കായിക മത്സരങ്ങളുടെ ഭൂപടത്തിൽ കേരളത്തിന് ഇടം നേടിക്കൊടുത്ത ബേപ്പൂർ ഇന്റർനാഷണൽ വാട്ടർഫെസ്റ്റ് മൂന്ന് വർഷങ്ങളായി നടത്തിവരുന്നു. ആഗോള ടൂറിസം രംഗത്ത് ബേപ്പൂർ ഫെസ്റ്റ് ഇതിനകം ജനപ്രീതി നേടിക്കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൂടുതൽ വിദേശസഞ്ചാരികൾ വരും വർഷങ്ങളിൽ കേരളത്തിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>ഓണാഘോഷം, നിശാഗന്ധി ഡാൻസ് ഫെസ്റ്റിവൽ, ഉത്സവം, ചാമ്പ്യൻസ് ബോട്ട് ലീഗ്, ക്രിസ്തുമസ് - പുതുവർഷത്തിന്റെ ഭാഗമായി ലൈറ്റിംഗ് ഫെസ്റ്റിവൽ, തുടങ്ങിയ പരിപാടികളിലൂടെ പ്രകൃതി സൗന്ദര്യത്തോടൊപ്പം സംസ്ഥാനത്തിന്റെ സംസ്കാരവും വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് എത്തുന്ന വിനോദസഞ്ചാരികൾക്ക് തനത് ഭക്ഷണരീതികളുടെ വൈവിധ്യവും ഗുണമേന്മയും അനുഭവവേദ്യമാക്കുന്നതിന് സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ കെ.ടി.ഡി.സി. മുതലായ വഴി നടത്തുന്ന ഭക്ഷ്യമേളകൾ ഇതിന് ഉദാഹരണമാണ്. ഹോംസ്റ്റേകൾക്കും സർവ്വീസ്ഡ് |

വില്ലകൾക്കും അംഗീകാരം നൽകുമ്പോൾ തന്നെ തനത് ഭക്ഷ്യവിഭവങ്ങൾ സഞ്ചാരികൾക്ക് നൽകണം എന്ന് നിഷ്കർഷിക്കാറുണ്ട്.

സംസ്ഥാനത്തെ തനത് ഭക്ഷ്യവൈവിധ്യം അന്താരാഷ്ട്രതലത്തിൽ പരിചയപ്പെടുത്താനായി ടൂറിസം വകുപ്പ് ഇന്റർനാഷണൽ ക്വിസീൻ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ആർ.റ്റി. മിഷന്റെ ആഭിമുഖ്യത്തിലും കേരളത്തിന്റെ രുചി വൈവിധ്യം സഞ്ചാരികളെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ നമ്മുടെ നാടിന്റെ തനത് രുചി വൈവിധ്യങ്ങളെ പരിചയപ്പെടുത്തുന്ന ബ്രോഷറുകൾ പുറത്തിറക്കിയിട്ടുണ്ട്.

മിഡിൽ ഈസ്റ്റിൽ നിന്നുള്ള സഞ്ചാരികളെ ആകർഷിക്കുന്നതിനായി എയർപോർട്ട്, ടെലിവിഷൻ ഡിജിറ്റൽ വെബ് പോർട്ടൽ തുടങ്ങിയ മാധ്യമങ്ങളിലൂടെയും പ്രചരണം നടത്തിവരുന്നു.

വിദേശ ആഭ്യന്തര വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുവേണ്ടി ഓൺലൈൻ നവമാധ്യമങ്ങളായ ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, ടിറ്റർ, യൂട്യൂബ്, ഗൂഗിൾ ആഡ്സ്, ഗൂഗിൾ ആർ.സി.എസ്. തുടങ്ങിയവയിലൂടെയും വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ വില്ലേജ് ലൈഫ്, കൾച്ചർ ടൂറിസം, എത്തിക് ക്വിസീൻ, ഫാം ടൂറിസം എന്നിവ അനുഭവവേദ്യ ടൂറിസത്തിന്റെ ഭാഗമായി നടപ്പാക്കി വരുന്നു. വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകളുടെ ഭാഗമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പരമ്പരാഗത തൊഴിലുകളെ ടൂറിസം പ്രവർത്തനങ്ങളായി മാറ്റിക്കൊണ്ട് വിനോദസഞ്ചാരികളെ ആകർഷിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. വീടുകളിൽ എത്തി ഭക്ഷണം ആസ്വദിച്ചുകൊണ്ട് കുക്കിംഗ് എക്സ്പീരിയൻസിന്റെ ഭാഗമായി ഭക്ഷണം ആസ്വദിക്കാൻ കഴിയുന്ന പ്രവർത്തനം എക്സ്പീരിയൻസ് എത്തിക് ക്വിസീൻ എന്ന പേരിൽ നടപ്പാക്കി വരുന്നു. ഹോംസ്റ്റേ യൂണിറ്റുകൾ ഒരു നൂതനാനുഭവമെന്ന നിലയിൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന പ്രവർത്തനമാണ്. ഫാം ടൂറിസത്തെ വിപുലപ്പെടുത്തുന്നതിനും ഫാം ടൂറിസം പ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കുന്നതിനും, പ്രസ്തുത പ്രവർത്തനങ്ങളിലേക്ക് കൂടുതൽ ആളുകളെ പങ്കാളികളാക്കുന്നതിനുമായി കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ 'കേരള അഗ്രി ടൂറിസം നെറ്റ് വർക്ക്' എന്ന പദ്ധതി 2021 സെപ്റ്റംബർ മാസം ലോഞ്ച് ചെയ്തിട്ടുണ്ട്.

വിദേശസഞ്ചാരികളെ ലക്ഷ്യമിട്ട് വിനോദസഞ്ചാരവകുപ്പ് വിവിധ അന്താരാഷ്ട്ര ടൂറിസം വിപണനമേളകളിൽ പങ്കെടുത്ത് വരുന്നു. ഇതിന്റെ ഭാഗമായി ഈ വർഷം നവംബറിൽ നടന്ന വേൾഡ് ട്രാവൽ മാർക്കറ്റ് ലണ്ടൻ, ഫിത്തൂർ, മാഡ്രിഡ്, സ്പെയിൻ എന്നീ ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുകയും, ഫ്രാങ്ക്ഫർട്ട്, മ്യൂനിക്, ബാർസെലോണ, മിലാൻ സിഡ്നി, മെൽബൺ, കോലാലംപൂർ തുടങ്ങിയ പ്രധാന നഗരങ്ങളിൽ B2B Meet-കൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷംതന്നെ ITB Berlin, MITT Moscow, എന്നീ ട്രേഡ് ഫെയറുകളിലും പങ്കെടുക്കുന്നതിനും ലണ്ടൻ, പാരീസ്, മോസ്കോ, സെൻറ് പീറ്റേഴ്സ് ബർഗ് എന്നീ നഗരങ്ങളിൽ ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അന്താരാഷ്ട്ര മേളകളിൽ കേരള ടൂറിസത്തിന്റെ സാന്നിദ്ധ്യം നിലനിർത്തുന്നതിനും കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനുമായാണ് ഇത്തരം മേളകളിൽ വകുപ്പ് പങ്കെടുത്ത് വരുന്നത്. 2024-ലെ വേൾഡ് ട്രാവൽ മാർക്കറ്റിൽ (WTM) വകുപ്പിനെ പ്രതിനിധീകരിച്ച് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ പങ്കെടുക്കുകയും, വിദേശ രാജ്യങ്ങളിലെ

<table>
<tr>
<td></td>
<td></td>
<td></td>
<td>പ്രധാനപ്പെട്ട ടൂർ ഓപ്പറേറ്റേഴ്സിന്റെ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി കേരളത്തിലെ വിവിധ ടൂറിസം ഉത്പ്പന്നങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ OOH (Out Of Home) പ്രചാരണത്തിന്റെ ഭാഗമായി ലണ്ടൻ ഹിത്രൂ എയർപോർട്ട്, വെസ്റ്റ് ഫീൽഡ് മാൾ (Westfield Mall) തുടങ്ങിയ സ്ഥലങ്ങളിൽ പരസ്യ പ്രചാരണം നടത്തുകയുണ്ടായി. കേരളത്തിലേക്ക് വിദേശസഞ്ചാരികളെ ആകർഷിക്കുന്നതിന് ഇത്തരത്തിലുള്ള വിവിധങ്ങളായ പ്രചാരണ പരിപാടികളിലൂടെ സാധിച്ചിട്ടുണ്ട്.</td>
</tr>
<tr>
<td>(സി)</td>
<td>ഇതുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച കേരള ട്രാവൽ മാർട്ടിന് ഈ രംഗത്ത് സ്വീകാര്യത ലഭിച്ചിരുന്നോ; വ്യക്തമാക്കുമോ;</td>
<td>(സി)</td>
<td>2000-മാണ്ടിൽ സ്ഥാപിതമായ കേരള ട്രാവൽ മാർട്ട് സൊസൈറ്റി സംഘടിപ്പിച്ച 12 -ാം എഡിഷനാണ് 2024 സെപ്റ്റംബർ 26 മുതൽ 29 വരെ കൊച്ചിയിൽ നടന്ന കേരള ട്രാവൽ മാർട്ട് 2024. ഇതിൽ പങ്കെടുക്കുന്നതിനായി 854 വിദേശ ബയ്യർമാരും 2129 തദ്ദേശ ബയ്യർമാരും രജിസ്റ്റർ ചെയ്തിരുന്നു. കൂടാതെ ആകെ 110 മാധ്യമ പ്രതിനിധികളും പങ്കെടുക്കുകയുണ്ടായി. കേരളത്തിലേക്ക് സഞ്ചാരികളെ ആകർഷിക്കുന്നതിനായി സംഘടിപ്പിക്കുന്ന ഏറ്റവും വലിയ ഒരു PPP മോഡൽ ടൂറിസം മേളയായ കേരള ട്രാവൽമാർട്ട്, നാളിതുവരെയും വിജയകരമായി സംഘടിപ്പിച്ചു വരുന്നു. വളരെയേറെ പുതിയ സംരംഭകരെ വിദേശ സ്വദേശി ടൂർ ഓപ്പറേറ്റർമാർക്ക് കുറഞ്ഞ ചെലവിൽ പരിചയപ്പെടുത്തുന്നതിനും ബിസിനസ് ബന്ധങ്ങൾ സ്ഥാപിക്കുന്നതിനും കെ.ടി.എം. കാരണമായിട്ടുണ്ട്. കോവിഡ് മഹാമാരിക്ക് ശേഷം നടത്തപ്പെട്ട 2022 ലെ കേരള ട്രാവൽ മാർട്ട് ആണ് കോവിഡാനന്തര ടൂറിസം പ്രവർത്തനങ്ങൾക്ക് കേരളത്തിൽ നാന്ദി കുറിച്ചത്</td>
</tr>
<tr>
<td>(ഡി)</td>
<td>വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തേക്ക് എത്തിച്ചേർന്ന വിനോദസഞ്ചാരികളുടെ എണ്ണം ലഭ്യമാണോ; എങ്കിൽ അറിയിക്കുമോ?</td>
<td>(ഡി)</td>
<td>2021 മുതൽ 2024 വരെ കേരളത്തിലേയ്ക്കുള്ള വിനോദസഞ്ചാരികളുടെ സന്ദർശനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>കലണ്ടർ വർഷം</th><th>ആഭ്യന്തര ടൂറിസ്റ്റ് സന്ദർശനങ്ങളുടെ എണ്ണം</th><th>വിദേശ ടൂറിസ്റ്റ് സന്ദർശനങ്ങളുടെ എണ്ണം</th><th>ആകെ</th></tr>
<tr><td>2021</td><td>7537617</td><td>60487</td><td>7598104</td></tr>
<tr><td>2022</td><td>18867414</td><td>345549</td><td>19212963</td></tr>
<tr><td>2023</td><td>21871641</td><td>649057</td><td>22520698</td></tr>
<tr><td>2024</td><td>22246989</td><td>738374</td><td>22985363</td></tr>
</table>
</td>
</tr>
</table>

സെക്ഷൻ ഓഫീസർ